ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

19(*169) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ക്ഷീരവികസനം ലക്ഷ്യമാക്കി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) മൃഗസംരക്ഷണ വകുപ്പ് ആവിഷ്ക്കരിച്ച 'ക്ഷീരഗംഗ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന സർക്കാർ മിൽക്ക്ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ കൊമേഴ്സ്യൽ ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം, കന്നുകുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധിക പാൽ വില നൽകൽ എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കെ.എൽ.ഡി.ബി. കുളത്തുപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. കുളത്തുപ്പുഴ ഹൈടെക് ഡയറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ ഫാമുകളോട് ചേർന്ന് സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ക്ഷീരധാരാ പദ്ധതിയിലുൾപ്പെടുത്തി 30-40 ലിറ്റർ പ്രതിദിന ഉൽപ്പാദന ശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജേഴ്സി എന്നീ വിദേശ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇതിൽ നിന്നും ഉണ്ടാകുന്ന പശുക്കുട്ടികൾ മെച്ചപ്പെട്ട ഗുണമുള്ളതായി കണ്ടുവരുന്നു. കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് ഫോറേജ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് രോഗവിമുക്ത മേഖലാ പദ്ധതി, ഊർജ്ജിത കന്നുകാലി വികസന പദ്ധതി, കന്നുകാലി ഫാമുകളുടെ ശക്തിപ്പെടുത്തൽ, വികസനവും പരിശീലനവും,

LIBRARY ARCHIVES Kerala Legislative Assembly

കന്നുകുട്ടി പരിപാലന പദ്ധതി, സംരംഭക മൂലനിധി, കന്നുകാലി ഇൻഷുറൻസ് പദ്ധതി, ഭക്ഷ്യ സുരക്ഷ പദ്ധതി, വെറ്ററിനറി സർവ്വീസ്, ക്ഷീരഗംഗ പദ്ധതി, കുളമ്പു രോഗനിയന്ത്രണത്തിനുള്ള പരിപാടി, കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം, ജീവരേഖ പദ്ധതി, വിദർഭ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, സുനാമി പുനരധിവാസ പദ്ധതി, ഗോസുരക്ഷ, കന്നുകാലി ഇൻഷ്വറൻസ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽ നിന്ന് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി രൂപ ക്ഷീരവികസന വകുപ്പിന് 2010-11-ൽ ലഭിച്ചിട്ടുണ്ട്. ക്ഷീരവികസനം ലക്ഷ്യമാക്കി ഐ.ഡി.ഡി.പി. പദ്ധതിയിൽപ്പെടുത്തി മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ 17.99 കോടി രൂപാവ് പ്രതീക്ഷിക്കുന്ന പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബി. 560 കോടി രൂപയുടെ പദ്ധതി 'നാഷണൽ ഡയറി പ്ലാൻ'-ന്റെ പരിഗണനയ്ക്കായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് ക്ഷീര വികസനം ലക്ഷ്യമാക്കി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കുട്ടനാട്, ഇടുക്കി പാക്കേജുകൾ ആത്മഹത്യാപ്രേരിത ജില്ലകളായ വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ക്ഷീര കർഷകർക്കുള്ള പുനരധിവാസ പദ്ധതിയായ വിദർഭ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, സുനാമി പുനരധിവാസ പദ്ധതി, സംയോജിത കന്നുകാലി വികസന പദ്ധതി എന്നീ കേന്ദ്രസഹായ പദ്ധതികളിൽ ക്ഷീര വികസനം ലക്ഷ്യമാക്കി കേന്ദ്രത്തിന് പദ്ധതികൾ സമർപ്പിക്കുകയും അവയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ക്ഷീരോല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരം മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ക്ഷീരഗംഗ. പശു വളർത്തലും എരുമ വളർത്തലും സംയോജിച്ചു കൊണ്ടുള്ള പദ്ധതിയാണ്. സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 5 ജില്ലകളിലെ 900 കർഷകർക്ക് 3 പശു, 2 എരുമ എന്നീ ക്രമത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉരുക്കളെ വാങ്ങി ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഒരു യൂണിറ്റിന് 2.5 ലക്ഷം രൂപയാണ് അടങ്കൽ തുക. ഇതിൽ ഒരു ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. 900 കർഷകർക്ക് ഒരു ലക്ഷം രൂപ വീതം 9 കോടി രൂപയാണ് ഈ പദ്ധതി വഴി ആകെ സബ്സിഡിയായി നൽകുന്നത്. ഈ പദ്ധതി പ്രകാരം 2700 സങ്കരയിനം പശുക്കളെയും 1800 എരുമകളെയും സംസ്ഥാനത്ത് പുതിയതായി കൊണ്ടുവരുന്നു.

(ഡി) 180 യൂണിറ്റുകൾ വീതം 900 യൂണിറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 250 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly